2025 APRIL
23
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# കശ്മീരിൽ പാക് ഭീകരാക്രമണം: 29 മരണം

- **മരിച്ചവരിൽ മലയാളിയും**
- **അന്വേഷണം എൻഐഎ ഏറ്റെടുത്തു**



**ശ്രീനഗർ:** ജമ്മു കശ്മീരിലെ പഹൽഗാമിലെ ബൈസരനിൽ വിനോദസഞ്ചാരികൾക്കു നേരെയുണ്ടായ ഭീകരാക്രമണത്തിൽ 28 പേർ കൊല്ലപ്പെട്ടു. കൊല്ലപ്പെട്ടവരിൽ ഒരു മലയാളിയും ഉൾപ്പെടുന്നു. ഇടപ്പള്ളി സ്വദേശി എൻ.രാമചന്ദ്രനാണ് മരിച്ചത്. ഇദ്ദേഹത്തെക്കൂടാതെ രാജസ്ഥാൻ, തമിഴ്നാട്, കർണാടക, ഗുജറാത്ത്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നെത്തിയ വിനോദസഞ്ചാരികളാണ് ആക്രമണത്തിനിരയായത്. ട്രക്കിങ്ങിനു മേഖലയിലേക്കു പോയവർക്കു നേരെയാണ് പാക്കിസ്ഥാൻ ഭീകരർ ആക്രമണം നടത്തിയത്. മേഖല സുരക്ഷാസേനയുടെ വലയത്തിലാണ്. വിനോദസഞ്ചാരികൾ പതിവായി എത്തുന്ന ബൈസരൻ താഴ്വരയിലാണ് ആക്രമണം നടന്നത്.

ജമ്മുകശ്മീരിലെ അനന്ത്നാഗ് ജില്ലയിലെ പഹൽഗാമിൽ വിനോദസഞ്ചാരികൾക്കുനേരെ ഭീകരർ ആക്രമണം നടത്തിയ സ്ഥലത്ത് റോന്തുചുറ്റുന്ന സുരക്ഷാസേനാംഗങ്ങൾ.

ജമ്മുകശ്മീരിലെ അനന്ത്നാഗ് ജില്ലയിലെ പഹൽഗാമിൽ വിനോദസഞ്ചാരികൾക്കുനേരെ ഭീകരർ ആക്രമണം നടത്തിയ സ്ഥലത്ത് റോന്തുചുറ്റുന്ന സുരക്ഷാസേനാംഗങ്ങൾ.

ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ, ജിദ്ദയിലുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദി ആഭ്യന്തര മന്ത്രി അമിത് ഷായുമായി ഫോണിൽ സംസാരിച്ചു. ഉചിതമായ എല്ലാ നടപടികളും സ്വീകരിക്കാൻ പ്രധാനമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. ഭീകരാക്രമണം നടന്ന സ്ഥലം സന്ദർശിക്കാനും പ്രധാനമന്ത്രി അമിത് ഷായോട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് അമിത് ഷാ രാത്രിയോടെ ശ്രീനഗറിലെത്തി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ശ്രീനഗറിൽ ഉന്നതതലയോഗം ചേർന്നു. ആക്രമണത്തിന്റെ ഉത്തരവാദിത്വം പാക്കിസ്ഥാൻ ലഷ്കറെ തയിബ അനുകൂല സംഘടനയായ ദ് റെസിസ്റ്റൻസ് ഫ്രണ്ട് ഏറ്റെടുത്തു. അജ്ഞാതരായ തോക്കുധാരികൾ വിനോദസഞ്ചാരികൾക്കു അടുത്തു വന്ന് വെടിയുതിർക്കുകയായിരുന്നുവെന്നാണ് ദൃക്സാക്ഷികൾ പറയുന്നത്. കാൽനടയായോ കുതിരപ്പുറത്തോ മാത്രമേ ഈ പ്രദേശത്ത് എത്തിച്ചേരാൻ സാധിക്കൂവെന്നാണ് പ്രദേശവാസികൾ പറയുന്നത്. പരുക്കേറ്റവരെ രക്ഷപ്പെടുത്തുന്നതിനായി അധികൃതർ മേഖലയിലേക്ക് ഹെലികോപ്റ്റർ അയച്ചിട്ടുണ്ട്. അതേസമയം, ആക്രമണം നടത്തിയത് ചില പാകിസ്ഥാൻ ഭീകരരാണെന്ന് ബിജെപി നേതാവ് രവീന്ദർ റെയ്ന പറഞ്ഞു.

## ഇന്ത്യയ്ക്കൊപ്പം ഉണ്ടാകുമെന്ന് ഇസ്രയേൽ, മോദിയുമായി സംസാരിച്ച് ട്രംപ്



**ശ്രീനഗർ:** ജമ്മു കശ്മീരിലെ പഹൽഗാമിൽ ഉണ്ടായ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയ്ക്ക് പിന്തുണയുമായി ലോക നേതാക്കളും രാജ്യങ്ങളും. ഇന്ത്യയ്ക്കൊപ്പം ഉണ്ടാകുമെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു പ്രതികരിച്ചു. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയും സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാൻ രാജകുമാരനും ഇന്ത്യയ്ക്ക് പിന്തുണയുമായി രംഗത്തുവന്നിട്ടുണ്ട്. ഇവർ പുറമേ യുഎഇ, ഇറാൻ, ശ്രീലങ്ക എന്നീ രാജ്യങ്ങളും ഇന്ത്യയ്ക്കുള്ള പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.

നേരത്തെ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്, റഷ്യൻ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുട്ടിൻ എന്നിവരും ഇന്ത്യയ്ക്കുള്ള പിന്തുണ പ്രഖ്യാപിച്ചിരുന്നു. മോദിയും ട്രംപും ഫോണിൽ സംസാരിച്ചു. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്കൊപ്പം ശക്തമായി നിലകൊള്ളുമെന്നും ഈ വിഷയത്തിൽ ഇന്ത്യയ്ക്കൊപ്പം ഉണ്ടാകുമെന്നുമായിരുന്നു ട്രംപിന്റെ പ്രതികരണം. കുറ്റക്കാർ ശിക്ഷിക്കപ്പെടണമെന്ന് പുട്ടിനും അഭിപ്രായപ്പെട്ടു.






# പി.ആർ ശ്രീജേഷിന് ആദരവ്; ആദ്യ സ്പോർടസ് അക്കാദമി തുടങ്ങി

**കിഴക്കമ്പലം:** പത്മഭൂഷൺ പി.ആർ ശ്രീജേഷിന്റെ പേരിലുള്ള കേരളത്തിലെ ആദ്യ സ്പോർട്സ് അക്കാദമി പുതു തലമുറക്ക് ആവേശമാകുന്നു. പഴങ്ങനാട് ലയൺസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പഴങ്ങനാട് പ്രവർത്തിക്കുന്ന സ്പോർട്സ് ആക്കാദമിയിൽ മെഗാ ക്യാമ്പും കോച്ചിംങ്ങ് ക്യാമ്പും ആരംഭിച്ചു. ബാഡ്മിന്റൺ ക്രിക്കറ്റ്. ഫുട്ബോൾ, കരാട്ടേ, സ്കേറ്റിംഗ് എന്നിവക്ക് പുറമേ ക്ലാസിക്കൽ ഡാൻസ്, മ്യൂസിക്, ചിത്രരചന പെയ്ന്റിംഗ്, ചെസ്സ്,ഗിത്താർ എന്നിവയും ആരംഭിച്ചു കഴിഞ്ഞു ഒളിമ്പിക്സ് മെഡൽ നേടിയ മലയാളി കിഴക്കമ്പലത്തു കാരനായ പദ്മഭൂഷൺ പി.ആർ. ശ്രീജേഷിന്റെ പേരിലുള്ള കേരളത്തിലെ ആദ്യ സ്പോർട്ട് അക്കാദമി കൂടി ആണ് ഇത് ഒളിമ്പിക് മെഡൽ നേടിയ വർഷം അദേഹത്തോട് ഉള്ള ആദരവിന്റെ ഭാഗമായിട്ടാണ് സ്പോർട്സ് അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. പഴങ്ങനാട് ലയൺസ് ക്ലബിന്റെ നേതൃത്വത്തിൽ ആണ് അക്കാദമിയുടെ പ്രവർത്തനം. 24 മണിക്കൂർ പ്രവർത്തിക്കുന്ന ഉയരം കൂടിയ ടർഫിൽ ക്രിക്കറ്റ്, ഫുട്ബോൾ കോച്ചിങ് കൂടാതെ ടൂർണ്ണമെന്റുകളും നടക്കുന്നുണ്ട് ഇൻഫോ പാർക്ക് ജീവനക്കാർക്ക് കൂടി സൗകര്യപ്രദമായ രീതിയിൽ ആധുനിക സൗകര്യത്തോടെ കുറഞ്ഞ നിരക്കിൽ എ.സി. കൺവെൻഷൻ ഹാൾ കൂടി തുറന്ന് പ്രവർത്തിച്ചു തുടങ്ങി, ഇതോടൊപ്പം നാച്ചുറൽ ചിൽഡ്രൻസ് പാർക്ക് കൂടി പൂർത്തിയായി കൊണ്ടിരിക്കുന്നു. നില വിൽ 200 കുട്ടികൾക്ക് കോച്ചിങ്ങ് നൽകി വരുന്നു.




കാലം ചെയ്ത ഫ്രാൻസിസ് മാർപാപ്പയോടുള്ള ആദരസൂചകമായി പഴങ്ങനാട് ഇടവക സമൂഹവും വികാരിയച്ചനും ചേർന്ന് നഗരത്തിൽ നടത്തിയ പ്രാർത്ഥന റാലി

# മാർപാപ്പയ്ക്ക് വേണ്ടി പ്രത്യേക പ്രാർത്ഥന ശുശ്രൂഷകൾ നടത്തി

**പഴങ്ങനാട്:** മാർപാപ്പയോടുള്ള ആദരസൂചകമായി പഴങ്ങനാട് സെന്റ് അഗസ്റ്റിൻസ് ദേവാലയത്തിൽ ഇന്നലെ രാവിലെ 6.30 ന് മാർപാപ്പയ്ക്കു വേണ്ടി വികാരി റവ. ഫാ .ഡോ പോൾ കൈ പ്രൻപാടന്റെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിച്ചു. തുടർന്ന് മാർപാപ്പയെ അനുസ്മരിച്ച് പ്രസംഗം നടത്തി. വിശുദ്ധ കുർബാനയ്ക്കു ശേഷം പ്രത്യേക ഒപ്പീസും അതിനു ശേഷം മാർ മാപ്പയുടെ ചിത്രങ്ങളുമായി പള്ളിയങ്കണത്തിൽ ഇടവക സമൂഹവും ചേർന്ന് പ്രാർത്ഥന റാലി നടത്തി. കഴിഞ്ഞതിരുന്നാൾ ദിനങ്ങളിലും മാർപാപ്പ രോഗശയ്യയിലായിരുന്ന സമയത്തും മാർപാപ്പയ്ക്കു വേണ്ടി വികാരിയച്ചനും ഇടവക സമൂഹവും പ്രത്യേക പ്രാർത്ഥനകൾ നടത്തിയിരുന്നു. കൈക്കാരൻമാരായ ജിജോ ജോസഫ്, വി. എ. ജോർജ്,വൈസ് ചെയർമാൻ സജിപോൾ. ജോൺസൺ കണിയോടിക്കൽ സുഷിൽകുമാർ ജോൺ. എം.പി ടോമി എന്നിവർ നേതൃത്വം നൽകി.

# പോസ്റ്റർ പ്രകാശനം ചെയ്തു

**കൊച്ചി:** മയക്കുമരുന്നിനെതിരെ കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ നടത്തുന്ന ജനകീയ ക്യാമ്പയിന്റെ പോസ്റ്റർ തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷ് പ്രകാശനം ചെയ്തു. തിരുവനന്തപുരത്ത് മന്ത്രിയുടെ ഓഫീസിൽ നടന്ന ചടങ്ങിൽ കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ, ട്രഷറർ മുഹമ്മദ് ഷെരീഫ്, വർക്കിംഗ് പ്രസിഡന്റ് സി. ബിജുലാൽ എന്നിവർ പങ്കെടുത്തു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം മയക്കുമരുന്നിനെതിരെ ബോധവൽക്കരണം നടത്തുന്നതാണെന്നും, യൂണിറ്റ് കമ്മിറ്റികളിൽ ലഹരിവിരുദ്ധ സ്ക്വാഡുകൾ രൂപീകരിക്കുന്നതാണെന്നും പ്രസിഡന്റ് ജി ജയപാലും ജനറൽസെക്രട്ടറി കെ. പി. ബാലകൃഷ്ണ പൊതുവാളും അറിയിച്ചു.



കലൂർ പാവക്കുളം മഹാദേവക്ഷേത്രത്തിലെ ഈ വർഷത്തെ പൗർണമി പൊങ്കാല മഹോത്സവം 2025 ന്റെ പൊങ്കാല കൂപ്പൺ സമർപ്പണത്തിന്റെ ആദ്യ കൂപ്പൺ ചലച്ചിത്രതാരം ഐശ്വര്യ മിഥുൻ, ശ്രീമതി ദീപ ശാന്തിയും ചേർന്ന് വിശ്വഹിന്ദുപരിഷത് സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് വി ആർ രാജശേഖരനിൽ നിന്നും ഏറ്റുവാങ്ങുന്നു. കെ പി മാധവൻകുട്ടി, ശ്രീകുമാർ വയലിൽ, സി.വേണു, പങ്കജാക്ഷൻ ടി തുടങ്ങിയവർ സമീപം.

# പാവക്കുളത്ത് പൊങ്കാല മഹോൽസവം മെയ് 5 മുതൽ 12 വരെ; പൊങ്കാലകൂപ്പൺ സമർപ്പണം ചെയ്തു

**കൊച്ചി:** കലൂർ പാവക്കുളം മഹാദേവ ക്ഷേത്രത്തിലെ ഈ വർഷത്തെ പൗർണമി പൊങ്കാല മഹോത്സവം 2025 ന്റെ പൊങ്കാല കൂപ്പൺ സമർപ്പണത്തിന്റെ ആദ്യ കൂപ്പൺ ചലച്ചിത്രതാരം ഐശ്വര്യ മിഥുൻ, ശ്രീമതി ദീപ ശാന്തിയും ചേർന്ന് വിശ്വഹിന്ദുപരിഷത് സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് വി ആർ രാജശേഖരനിൽ നിന്നും ഏറ്റുവാങ്ങി. സംസ്ഥാന ട്രഷറർ ശ്രീകുമാർ വയലിൽ, ക്ഷേത്രം പ്രസിഡന്റ് പങ്കജാക്ഷൻ ടി, ക്ഷേത്രം സെക്രട്ടറി വിനോദ് കാരോളിൽ, വർക്കിംഗ് പ്രസിഡന്റ് കെ പി മാധവൻകുട്ടി, ജോയിന്റ് സെക്രട്ടറി ഒ ഉണ്ണികൃഷ്ണ മേനോൻ, ട്രഷറർ സി.വേണു എന്നിവർ പ്രസംഗിച്ചു. കമ്മിറ്റി അംഗങ്ങളും,പാവക്കുളം ഗൗരിശങ്കര നാരായണീയ സമിതി അംഗങ്ങളും പങ്കെടുത്തു.

കലൂർ പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിലെ പൊങ്കാല മഹോൽസവം മെയ് അഞ്ചു മുതൽ 12 വരെ നടക്കുമെന്ന് ക്ഷേത്ര ഭരണ സമിതി പ്രസിഡന്റ് പങ്കജാക്ഷൻ ടി., സെക്രട്ടറി വിനോദ് കാരോളിൽ എന്നിവർ പറഞ്ഞു. അഞ്ചിന് രാവിലെയും വൈകുന്നേരവും സ്വയംവര മന്ത്രാർച്ചന ഉച്ചയ്ക്ക് ഒന്നിന് പ്രസാദമൂട്ട്, വൈകിട്ട് 6.30 മുതൽ സോപാനസംഗീതം, ഏഴു മുതൽ നൃത്തനൃത്യങ്ങൾ, ആറിന് രാവിലെയും വൈകുന്നേരവും അശ്വാരൂഢ മന്ത്രാർച്ചന, രാത്രി 7.30 ന് നൃത്തനൃത്യങ്ങൾ. ഏഴിന് രാവിലെ ഏഴു മുതൽ വൈദിക നവഗ്രഹ ഹോമം, ദ്വാദശാക്ഷരി മന്ത്രാർച്ചന, വൈകിട്ട് എട്ട് മുതൽ ഭക്തിഗാനമേള. എട്ടിന് രാവിലെ ഏഴു മുതൽ വൈദിക നക്ഷത്ര ഹോമം, എട്ടിന് വിശേഷാൽ പൂജ, രാത്രി എട്ടുമുതൽ ഗേനമേള, ഒമ്പതിന് രാവിലെയും വൈകിട്ടും കാര്യസാധ്യ മന്ത്രാർച്ചന, വൈകിട്ട് ഏഴുമുതൽ നൃത്തനൃത്യങ്ങൾ, 07.30 മുതൽ ഭക്തിഗാനമേള, 8.30 മുതൽ മോഹിനിയാട്ടം, ഒമ്പതിന് രാവിലെയും വൈകിട്ടും ബാണേശ്വരി മന്ത്രാർച്ചന, വൈകിട്ട് 06.30 മുതൽ തിരുവാതിരകളി, 07.30 മുതൽ കോൽക്കളി, 08.30 മുതൽ നൃത്തനൃത്യങ്ങൾ. 11 ന് രാവിലെ 09.30 മുതൽ പഞ്ചാരി മേളം, വൈകിട്ട് 05 മണിക്ക് എളമക്കര പേരണ്ടൂർ ഭഗവതി ക്ഷേത്രത്തിൽ നിന്നും തിരുവാഭരണ ഘോഷയാത്ര, 6.15 മുതൽ തിരുവാതിരകളി. 12 ന് രാവിലെ ഏഴു മുതൽ രാജരാജേശ്വരി ഹോമം, ഏഴിന് ദേവിക്ക് വിശേഷാൽ അഷ്ടാഭിഷേകം, 08.30 ന് തലപ്പൊങ്കാല സമർപ്പണം, 09 ന് ദിവ്യ ജ്യോതി പകരൽ തുടർന്ന് ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ പ്രശാന്ത് നാരായണൻ നമ്പൂതിരിപ്പാടിന്റെയും ക്ഷേത്രം മേൽശാന്തി ബ്രഹ്മശ്രീ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരിയുടെയും നേതൃത്വത്തിൽ പൗർണ്ണമി പൊങ്കാല ആരംഭിക്കും. ഉച്ചയ്ക്ക് 12 ന് പ്രസാദ ഊട്ടും ഉണ്ടാകും.



# ഭൗമ ദിന ശില്പശാല നടത്തി

**ആലുവ:** പരിസ്ഥിതി സംരക്ഷണ സംഘത്തിന്റെയും സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെയും സംയുക്താഭിമുഖ്യത്തിൽ ഭൗമദിന ശില്പശാല സംഘടിപ്പിച്ചു.പരിസ്ഥിതി സംരക്ഷണ സംഘം പ്രസിഡണ്ട് ചിന്നൻ റ്റി പൈനാടത്ത് അദ്ധ്യക്ഷം വഹിച്ച ചടങ്ങ് ആലുവ മുനിസിപ്പൽ ചെയർമാൻ എം ഒ ജോൺ ഉൽഘാടനം ചെയ്തു. പ്രൊഫ ഗോപാലകൃഷ്ണ മൂർത്തി വിഷയാവതരണം നടത്തി. പരിസ്ഥിതി സംരക്ഷണ സംഘം ജനറൽ സെക്രട്ടറി സി ഐ അബ്ദുൾ ജബ്ബാർ, സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ ആലുവ വിദ്യാഭ്യാസ ജില്ല സെക്രട്ടറി ജോസഫ് പുതുശ്ശേരി, റെസിഡന്റ്സ് അസ്സോസിയേഷൻ ജില്ലാ പ്രസിഡണ്ട് കെ ജയപ്രകാശ്, പരിസ്ഥിതി സംരക്ഷണ സംഘം ട്രഷറർ എ പി മുരളീധരൻ, എം സുരേഷ്, ഇ എ അബുബേക്കർ, മോഹൻ റാവു, കെ കെ അബ്ദുൾ ജബ്ബാർ, പി എൻ ഗോപി, കല്യാണി മോഹനകുമാർ, അഞ്ജു ആന്റണി, സൗമ്യ കെ എന്നിവർ സംസാരിച്ചു.

# റാപിഡ് ആൻഡ് ബ്ലിറ്റ്സ് ചെസ്: ഇന്ത്യക്ക് അഭിമാനമായി മലയാളി പെൺകുട്ടി

**തിരുവനന്തപുരം:** ഗ്രീസിലെ റോഡ്സിൽ നടന്ന ലോക കേഡറ്റ് റാപിഡ് ആൻഡ് ബ്ലിറ്റ്സ് ചെസ് ടൂർണമെന്റിൽ രണ്ട് മെഡലുകൾ നേടി മലയാളി പെൺകുട്ടി. 18 വയസുവരെയുള്ള കുട്ടികൾ മത്സരിക്കുന്ന ടൂർണമെന്റിൽ അണ്ടർ10 പെൺകുട്ടികളുടെ വിഭാഗത്തിൽ തിരുവനന്തപുരത്ത് നിന്നുള്ള ദിവി ബിജേഷാണ് സ്വർണം, വെള്ളി മെഡലുകൾ നേടി രാജ്യത്തിന്റെ അഭിമാനമായത്. റാപിഡ് വിഭാഗത്തിലായിരുന്നു ദിവിയുടെ സ്വർണനേട്ടം. 11 ൽ 10 പോയിന്റ് നേടിയാണ് താരം സ്വർണം നേടിയത്. ടൂർണമെന്റിൽ ഇന്ത്യ നേടിയ ഒരേയൊരു സ്വർണം കൂടിയാണിത്. ബ്ലിറ്റ്സ് വിഭാഗത്തിലാണ് ദിവിയുടെ വെളളിനേട്ടം. ഒൻപത് വയസ്സുകാരിയായ ദിവി ബിജേഷ് തന്റെ സഹോദരൻ ദേവനാഥിൽ നിന്നും അടിസ്ഥാനകാര്യങ്ങൾ പഠിച്ച് ഏഴാം വയസ്സിലാണ് ചെസ്സ് കളിക്കാൻ തുടങ്ങിയത്.



ഇതിനോടകം വിവിധ മത്സരിങ്ങളിലായി ദിവി അറുപത്തിലധികം പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. തിരുവനന്തപുരം കഴക്കൂട്ടത്തുള്ള അലൻ ഫെൽഡ്മാൻ പബ്ലിക് സ്കൂളിലെ നാലാം ക്ലാസ് വിദ്യാർഥിനിയാണ് ദിവി. മാസ്റ്റർ ചെസ് അക്കാദമിയിലെ ശ്രീജിത്താണ് പരിശീലകൻ. അച്ഛൻ: ബിജേഷ്, അമ്മ: പ്രഭ, സഹോദരൻ : ദേവനാഥ്

# കരൾ രോഗത്തെ ഭയക്കേണ്ട
# അതിജീവനം സാധ്യമാണ്



**ഡോ. മാത്യു ജേക്കബ്**
സീനിയർ കൺസൽട്ടന്റ് ഹെപ്പറ്റോ പാൻക്രിയാറ്റോ ബിലിയറി & അബ്ഡോമിനൽ മൾട്ടി ഓർഗൻ ട്രാൻസ്പ്ലാൻറ്, ആസ്റ്റർ മെഡ്സിറ്റി,കൊച്ചി

ഫാറ്റി ലിവറും ലിവർ സിറോസിസും മുതൽ ലിവർ കാൻസറും ജനിതക തകരാറുകൾ വരെ നീളുന്ന വിവിധങ്ങളായ കരൾ രോഗങ്ങളാൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന ദശലക്ഷക്കണക്കിന് ജീവിതങ്ങൾ നമുക്ക് ചുറ്റുമുണ്ട്. അടുത്ത കാലം വരെ കരൾ രോഗവുമായി ബന്ധപ്പെട്ട ചികിത്സ സാധ്യതകൾ പരിമിതമായതുകൊണ്ടുതന്നെ ഏറെ ഭീതി നിറയ്ക്കുന്ന ഒരു രോഗാവസ്ഥ കൂടിയായിരുന്നു ഇത്. ഏറെ ആക്രമണകാരിയായ രോഗമായി ആയിരുന്നു കരൾ രോഗങ്ങളെ പൊതുവിൽ കണ്ടിരുന്നത്. എന്നാൽ സമീപകാലത്തായി രോഗനിർണയത്തിലും ചികിത്സയിലും ഉണ്ടായ മുന്നേറ്റങ്ങൾ പ്രതീക്ഷാവാഹകമാണ്. ഹെപ്പറ്റോളജി മേഖലയും ഒരു പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഇത് രോഗികൾക്ക് ഏറെ ആശ്വാസകരവും പുതിയ പ്രതീക്ഷ നൽകുകയും ചെയ്യുന്നതാണ്.

### രോഗം നിർണയത്തിലെ മാറ്റങ്ങൾ

ലിവർ ബയോപ്സികളായിരുന്നു കരൾ രോഗങ്ങൾ വിലയിരുത്തുന്നതിനുള്ള പ്രാഥമിക രീതി. എന്നാൽ അവ അപകടസാധ്യതകളും അസ്വസ്ഥതകളും ഏറെ നിറഞ്ഞതാണ്. എന്നാൽ ഇന്ന് നോൺഇൻവേസീവ് ഡയഗ്നോസ്റ്റിക്സ് രോഗനിർണയത്തിൽ പ്രഥമ സ്ഥാനം നേടിയിട്ടുണ്ട്. ഇലാസ്റ്റോഗ്രാഫി ഉപയോഗിച്ച് കരളിന്റെ കാഠിന്യം അളക്കുന്ന ഫൈബ്രോസ്കാൻ പോലുള്ള സാങ്കേതിക വിദ്യകൾ, കരൾ ഫൈബ്രോസിസും കൊഴുപ്പ് അടിഞ്ഞുകൂടലും പോലുള്ള രോഗാവസ്ഥകൾ വളരെ വേഗത്തിൽ വേദനയില്ലാതെ വിലയിരുത്താൻ സഹായിക്കുന്നതാണ്.

സമാന്തരമായി, എംആർ ഇലാസ്റ്റോഗ്രഫി, പ്രോട്ടോൺ ഡെൻസിറ്റി ഫാറ്റ് ഫ്രാക്ഷൻ ഇമേജിംഗ് തുടങ്ങിയ നൂതന എംആർഐ സാങ്കേതിക വിദ്യകൾ കരൾ ടിഷ്യുവിനെ കുറിച്ചുള്ള വിശദമായ ഉൾക്കാഴ്ചകൾ നൽകുന്നതാണ്. ഇത് രോഗനിർണയത്തെ കൂടുതൽ സൂക്ഷ്മവും കൃത്യവും ആക്കി മാറ്റുന്നു. ഫൈബ്രോ ടെസ്റ്റ് പോലുള്ള രക്തത്തെ അടിസ്ഥാനമാക്കിയുള്ള ബയോമാർക്കറുകളും ഇപ്പോൾ ലിവർ ഫൈബ്രോസിസിനെ കണക്കാക്കാൻ പതിവായി ഉപയോഗിച്ചുവരുന്നുണ്ട്. ഇത് ബയോപ്സികളെ ആശ്രയിക്കുന്നത് കുറയ്ക്കുകയും ഇടയ്ക്കിടെയുള്ള നിരീക്ഷണം എളുപ്പത്തിൽ ആകുകയും ചെയ്യുന്നു.

### ഹെപ്പറ്റൈറ്റിസ് ചികിത്സ

ഒരുകാലത്ത് വിട്ടുമാറാത്തതും വിനാശകരവുമായ രോഗമായി കണക്കാക്കപ്പെട്ടിരുന്ന ഒന്നായിരുന്നു ഹെപ്പറ്റൈറ്റിസ് സി. എന്നാൽ ഇപ്പോൾ 95% ത്തിലധികം കേസുകളിലും ചികിത്സയിലൂടെ രോഗം ഭേദമാക്കാൻ സാധിക്കും. ഡയറക്റ്റ് ആക്റ്റിംഗ് ആന്റിവൈറൽസ്, രോഗശാന്തി നിരക്ക് 95 ശതമാനത്തിൽ അധികമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ പാർശ്വഫലങ്ങളും ചികിത്സാകാലയളവും കുറയ്ക്കുകയും ചെയ്യുന്നു.

ഹെപ്പറ്റൈറ്റിസ് ബി (എച്ച്ബിവി) യ്ക്ക് പൂർണ്ണമായ ചികിത്സ ലഭ്യമല്ലെങ്കിലും, എൻട്രി ഇൻഹിബിറ്ററുകൾ, ആർഎൻഎ ചികിത്സകൾ തുടങ്ങിയ മേഖലകളിൽ പുതിയ മരുന്നുകൾ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്.വൈറസിനെ തുടച്ചുനീക്കാനും മികച്ച നിയന്ത്രണത്തിനായി രോഗപ്രതിരോധ സംവിധാനത്തെ പുനഃക്രമീകരിക്കാനും ഈ മേഖലയിൽ നടത്തിവരുന്ന പഠനങ്ങൾ സഹായിക്കും എന്നാണ് കരുതുന്നത്.

### കരൾ കാൻസറിനുള്ള ഇമ്മ്യൂണോതെറാപ്പി

മാരകമായ കരൾ കാൻസറായ ഹെപ്പറ്റോസെല്ലുലാർ കാർസിനോമ ന് ഒരുകാലത്ത് വളരെ കുറച്ച് ചികിത്സാ സാധ്യതകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ, ഒഇഇ ചികിത്സിക്കുന്നതിൽ ഇമ്മ്യൂണോതെറാപ്പികൾക്ക് വലിയ പങ്കുണ്ട്.ടൈറോസിൻ കൈനേസ് ഇൻഹിബിറ്ററുകൾ പോലുള്ള മരുന്നുകളുമായി ഇമ്മ്യൂണോതെറാപ്പി സംയോജിപ്പിക്കുന്ന കോമ്പിനേഷൻ തെറാപ്പികൾ കൂടുതൽ ശക്തമാണ്. ഈ കോമ്പിനേഷനുകൾ അതിജീവന നിരക്ക് മെച്ചപ്പെടുത്തുകയും കാൻസർ ബാധിച്ച രോഗികളുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യുന്നു.

ജീവിതശൈലിയും ദഹന വൈകല്യങ്ങളും മൂലമുണ്ടാകുന്ന ഫാറ്റി ലിവർ രോഗത്തിനും ചികിത്സ സാധ്യതകൾ വേറെ വർദ്ധിച്ചിട്ടുണ്ട്. വീക്കം, ഫൈബ്രോസിസ്, ദഹന സംബന്ധമായ അപാകതകൾ എന്നിവയുമായി ബന്ധപ്പെട്ട മരുന്നുകളുടെ ക്ലിനിക്കൽ പരീക്ഷണങ്ങളിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഇത് പ്രതീക്ഷ നൽകുന്നതാണ്.

കൂടാതെ, റീജനറേറ്റീവ് മെഡിസിനും സ്റ്റെം സെൽ തെറാപ്പികളും കേടായ കരൾ ടിഷ്യുകളെ സുഖപ്പെടുത്താനും ട്രാൻസ്പ്ലാൻറേഷന്റെ ആവശ്യകത കുറയ്ക്കാനും സഹായിക്കുന്നു. ഈ പുരോഗതികൾക്കൊപ്പം, മെഷീൻ




പെർഫ്യൂഷൻ പോലുള്ള സാങ്കേതികവിദ്യകൾ ദാതാവിന്റെ അവയവങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നു, കൂടാതെ മികച്ച ശസ്ത്രക്രിയാ രീതികൾ കരൾ മാറ്റിവയ്ക്കൽ സുരക്ഷിതവും വിജയകരവുമാക്കുന്നു.

ഹെപ്പറ്റോളജിയിൽ കൃത്രിമ ബുദ്ധിയുടെ പങ്ക് ഒരുപക്ഷേ ഭാവിയിലേക്കുള്ള ഏറ്റവും വലിയ മുന്നേറ്റമാണ്. ഫൈബ്രോസിസ് കണ്ടെത്തുന്നതിൽ റേഡിയോമിക്സ് ഫൈബ്രോസിസ് ഇൻഡക്സ് പോലുള്ള ഉപകരണങ്ങൾ പരമ്പരാഗത പരിശോധനകളെ മറികടക്കുന്നു. ട്രാൻസ്പ്ലാൻറുകൾ ആസൂത്രണം ചെയ്യാനും, ശസ്ത്രക്രിയാനന്തര ഫലങ്ങൾ പ്രവചിക്കാനും, കരൾ മുഴകളുടെ തരങ്ങൾ തമ്മിൽ വേർതിരിച്ചറിയാനും സഹായിക്കുന്നു.

**ഫാറ്റി ലിവറും ലിവർ സിറോസിസും മുതൽ ലിവർ കാൻസറും ജനിതക തകരാറുകൾ വരെ നീളുന്ന വിവിധങ്ങളായ കരൾ രോഗങ്ങളാൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന ദശലക്ഷക്കണക്കിന് ജീവിതങ്ങൾ നമുക്ക് ചുറ്റുമുണ്ട്. അടുത്ത കാലം വരെ കരൾ രോഗവുമായി ബന്ധപ്പെട്ട ചികിത്സ സാധ്യതകൾ പരിമിതമായതുകൊണ്ടുതന്നെ ഏറെ ഭീതി നിറയ്ക്കുന്ന ഒരു രോഗാവസ്ഥ കൂടിയായിരുന്നു ഇത്. ഏറെ ആക്രമണകാരിയായ രോഗമായി ആയിരുന്നു കരൾ രോഗങ്ങളെ പൊതുവിൽ കണ്ടിരുന്നത്. എന്നാൽ സമീപകാലത്തായി രോഗനിർണയത്തിലും ചികിത്സയിലും ഉണ്ടായ മുന്നേറ്റങ്ങൾ പ്രതീക്ഷാവാഹകമാണ്. ഹെപ്പറ്റോളജി മേഖലയും ഒരു പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഇത് രോഗികൾക്ക് ഏറെ ആശ്വാസകരവും പുതിയ പ്രതീക്ഷ നൽകുകയും ചെയ്യുന്നതാണ്.**

ഉയർന്ന ഫലം നൽകുന്ന മരുന്നുകളും നോൺഇൻവേസീവ് ടെസ്റ്റുകളും മുതൽ അകഅധിഷ്ഠിത രോഗനിർണയങ്ങളും ജീൻ തെറാപ്പിയും വരെ ഉൾപ്പെടുന്ന കരൾ രോഗ പരിചരണ മേഖല മുമ്പ് ഒരിക്കലും നൽകാത്തത്ര പ്രതീക്ഷയാണ് ഇപ്പോൾ നൽകുന്നത്. രോഗത്തെ ഭയക്കാതിരിക്കാനും കൃത്യമായ രോഗനിർണയത്തിലൂടെയും ചികിത്സയിലൂടെയും ജീവിതത്തിലേക്ക് മടങ്ങി വരാനുമുള്ള അവസരം ഓരോ വ്യക്തിക്കും തുറന്നു നൽകുന്നതാണ് ഈ പുതിയ മാറ്റങ്ങൾ.






# ബ്രിട്ടാനിയ 50–50 നാലാം അമ്പയർ: രണ്ടാം സീസൺ തുടങ്ങുന്നു

**കൊച്ചി:** ബ്രിട്ടാനിയ 5050 നാലാം അമ്പയർ ഗെയിം രണ്ടാം സീസൺ ആരംഭിക്കുന്നു. ഇതുവഴി ആരാധകർക്ക് അമ്പയറാകാനും മത്സരങ്ങൾ കാണാനും പ്രവചനങ്ങൾ നടത്താനുമുള്ള അവസരമാണ് ലഭിക്കുന്നത്. ശരിയായ പ്രവചനങ്ങൾക്ക് മത്സര ടിക്കറ്റുകൾ, ക്യാഷ്ബാക്ക് തുടങ്ങി സമ്മാനങ്ങൾ നൽകുന്നു. ട്രെയിൻ കമ്പാർട്ടുമെന്റുകൾ പോലുള്ള ഇടങ്ങളിലോ സൗഹൃദ സദസുകളിലോ അമ്പയറിംഗ് തീരുമാനങ്ങൾ എടുക്കുന്ന സാധാരണക്കാരെ കാണിക്കുന്ന ട്വിസ്റ്റുകളുള്ള പരസ്യചിത്രങ്ങളും ഈ ക്യാംപെയ്നിന്റെ ഭാഗമായി ബ്രിട്ടാനിയ പുറത്തിറക്കുന്നുണ്ട്.

കളിയുടെ ആവേശം സൃഷ്ടിക്കുന്നതിനാണ് നാലാം അമ്പയർ രണ്ടാം സീസണിലൂടെ ലക്ഷ്യമിടുന്നതെന്ന് ബ്രിട്ടാനിയ മാർക്കറ്റിംഗ് ജനറൽ മാനേജർ സിദ്ധാർത്ഥ് ഗുപ്ത പറഞ്ഞു. ക്രിക്കറ്റിനോടുള്ള ഞങ്ങളുടെ സ്നേഹവും, ബ്രാൻഡിന്റെ സ്ഥാനനിർണ്ണയവും ഞങ്ങൾ കൊണ്ടുവന്നു. ഒരു കൈറ്റിനെ അല്ലെങ്കിൽ ഒരു ക്യാച്ചിനെ, അബ് ഇന്ത്യ മേ ഹർ കോയി ബനേഗ അമ്പയർ എന്ന് വിളിക്കുന്നതായി ഷബാങ് സിഒ ഉമ്മ സൈനി പറഞ്ഞു. ബ്രിട്ടാനിയ 5050 പായ്ക്ക് സ്കാൻ ചെയ്ത് നാലാം അമ്പയർ ഗെയിമിന്റെ ഭാഗമാകാം. ഇതിലൂടെ മത്സരം കാണുന്നതിനുള്ള പാസുകൾ, ക്യാഷ്ബാക്ക് എന്നിവയും അതിലേറെയും നേടാനുള്ള അവസരം ലഭിക്കുന്നതായി ബ്രിട്ടാനിയ പറയുന്നു.

# സ്ത്രീകൾക്ക് തൊഴിൽ പരിശീലനം

**കൊച്ചി:** മില്ലറ്റ്, മുരിങ്ങയില എന്നിവയുടെ മൂല്യവർധിത ഉൽപന്നങ്ങളുടെ നിർമാണത്തിൽ സ്ത്രീകൾക്ക് ഇസാഫ് ഫൗണ്ടേഷൻ പരിശീലനം കൊടുക്കുന്നു. 25, 29 തീയതികളിലാണ് പരിശീലനം. ആലുവയിലെ ഇസാഫ് ഫൗണ്ടേഷൻ ട്രെയിനിംഗ് സെന്ററിലാണ് ക്ലാസുകൾ നടക്കുക. വിശദവിവരങ്ങൾക്ക് വിളിക്കുക; 9072600771



# തനെയ്റ സമ്മർ സോങ്സ് വസ്ത്ര ശേഖരം അവതരിപ്പിച്ചു

**കൊച്ചി:** ടാറ്റാ ഗ്രൂപ്പ് കമ്പനിയായ ടൈറ്റന്റെ വിമെൻസ് എത്നിക് വെയർ ബ്രാൻഡായ തനെയ്റ 'സമ്മർ സോങ്സ്' വസ്ത്രശേഖരം വിപണിയിലവതരിപ്പിച്ചു. ആധുനിക വനിതകൾക്കായി രൂപകൽപ്പന ചെയ്ത ഈ വസ്ത്ര ശേഖരം, ഇന്ത്യയുടെ സമ്പന്നമായ തുണിത്തര പൈതൃകത്തെ പ്രതിനിധീകരിക്കുന്ന കോട്ടൺ, സിൽക്ക്, സിൽക്ക്കോട്ടൺ മിശ്രിതങ്ങൾ, എയറി ഓർഗൻസ, കോട്ട എന്നിവയാൽ നെയ്തെടുത്തതാണെന്ന് തനെയ്റയുടെ ഡിസൈൻ മേധാവി അനിന്ദിത സർദാർ പറഞ്ഞു.കാലാതീതമായ സൗന്ദര്യവും സമകാലിക വൈവിധ്യവും സമന്വയിപ്പിക്കുന്ന ഈ ശേഖരത്തിൽ സാരികളും റെഡിടുവെയർ വസ്ത്രങ്ങളും ഉൾക്കൊള്ളുന്നു. സാരി ശ്രേണിയിൽ, രാജസ്ഥാന്റെ സംഗനേരി ബ്ലോക്ക് പ്രിന്റുകളും ബംഗാളിന്റെ ജംദാനി, മുൾമുൾ നെയ്ത്തുകൾ കൊണ്ട് അലങ്കരിച്ച കോട്ടൺ സാരികളും ഉൾപ്പെടുന്നു. കോട്ട സാരികൾ, ഹാൻഡ്പെയിൻറഡ് മുർഷിദാബാദ് സിൽക്ക്, സിൽക്ക്കോട്ടൺ, ഓർഗൻസ സാരികൾ എന്നിവയും സാരികളുടെ ശേഖരത്തിലുണ്ട്.കൂടാതെ ആധുനിക വനിതകൾക്കായി റെഡിടുവെയർ ശേഖരവും തനെയ്റ അവതരിപ്പിക്കുന്നു. എംബ്രോയിഡറി, പ്രിൻറ് ചെയ്ത കോട്ടൺ കുർത്തകൾ, സ്റ്റൈലിഷ് ഷോർട്ട് ടോപ്പുകൾ, ട്യൂണിക്കുകൾ, പ്രിൻറഡ് ഡ്രസ്സുകൾ എന്നിവ കരകൗശല വൈദഗ്ധ്യവും സമകാലിക ലാളിത്യവും സമന്വയിപ്പിക്കുന്നവയാണ്.1,490 രൂപ മുതലാണ് സമ്മർ സോങ്സ് വസ്ത്ര ശേഖരത്തിൻറെ വില ആരംഭിക്കുന്നത്. തനെയ്റയുടെ സമ്മർ സോങ്സ് ശേഖരത്തിനായി www.Taneira.com അല്ലെങ്കിൽ തനെയ്റ സ്റ്റോർ സന്ദർശിക്കുക.

# എയർവിസ് സീരിസ് ബിഎൽഡിസി സീലിംഗ് ഫാനുകൾ വിപണിയിൽ അവതരിപ്പിച്ച് വി ഗാർഡ്

**കൊച്ചി:** പുതിയ ബിഎൽഡിസി സീലിംഗ് ഫാനുകൾ വിപണിയിൽ അവതരിപ്പിച്ച് മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഗൃഹോപകരണ നിർമ്മാതാക്കളായ വിഗാർഡ്. എയർവിസ് ലൈറ്റ്, എയർവിസ് പ്രൈം, എയർവിസ് പ്ലസ്, എന്നീ മോഡലുകളാണ് എയർവിസ് സീരിസിന്റെ ഭാഗമായി വിപണിയിലെത്തുന്നത്. കുറഞ്ഞ വൈദ്യുതി ഉപഭോഗത്തിൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഇത്തരം മോഡലുകൾ വീടുകളുടെ ഇന്റീരിയറിന് അനുയോജ്യമായ രീതിയിലാണ് രൂപകൽപന ചെയ്തിട്ടുള്ളതെന്ന് വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എംഡി മിഥുൻ ചിറ്റിലപ്പള്ളി പറഞ്ഞു. 35 വാട്ട്സിൽ 370 ആർപിഎം (റൊട്ടേഷൻ പെർ മിനിറ്റ്) വേഗതയിൽ പ്രവർത്തിക്കുന്ന എയർവിസ് സീരിസ് മോഡലുകൾ മറ്റു ഫാനുകളെക്കാൾ വൈദ്യുതി ലാഭിക്കും. വായു ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഡസ്റ്റ് റിപ്പലന്റ് കോട്ടിംഗ് ആണ് ഫാനുകൾക്കുള്ളത്. മികച്ച കൂളിംഗ് ക്ഷമതയ്ക്ക് പുറമെ ചെലവ് കുറഞ്ഞ പരിപാലനം, തണുപ്പ് കാലത്തേക്കുള്ള റിവേഴ്സ് മോഡ് ഓപറേഷൻ എന്നിവ എയർവിസ് സീരിസ് മോഡലുകളുടെ പ്രത്യേകതയാണ്.

ഊർജ്ജക്ഷമതയുള്ള വൈദ്യുതി ഉപകരണങ്ങൾ വീടുകളിൽ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ചത് നൽകുന്ന വി ഗാർഡിന്റെ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് എയർവിസ് ബിഎൽഡിസി സീലിംഗ് ഫാനുകൾ അവതരിപ്പിച്ചതിലൂടെ പൂർത്തീകരിച്ചതെന്നും മിഥുൻ ചിറ്റിലപ്പള്ളി പറഞ്ഞു. ആകർഷകമായ രൂപകൽപനയോടൊപ്പം മികച്ച പ്രകടനവും സമന്വയിക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണ് എയർവിസ് സീരീസ് സീലിംഗ് ഫാനുകൾ. മികച്ച ഭാവിയെ രൂപപ്പെടുത്തുന്ന, മൂല്യാധിഷ്ഠിത ഉൽപന്നങ്ങൾ അവതരിപ്പിക്കുകയാണ് വി ഗാർഡിന്റെ ലക്ഷ്യമെന്നും ഉപഭോക്താക്കളുടെ ജീവിത നിലവാരം ഉയർത്തുന്ന എയർവിസ് സീരീസ് സീലിംഗ് ഫാനുകൾ ഇതിനുള്ള തെളിവാണെന്നും വി ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ഡയറക്ടറും സിഒയുമായ വി രാമചന്ദ്രൻ പറഞ്ഞു. കാറ്റിനോടൊപ്പം വെളിച്ചവും ലഭ്യമാകുന്ന രീതിയിൽ നിർമിച്ചതാണ് എയർവിസ് ലൈറ്റ് ഫാനുകൾ. ഫാനിന്റെ വേഗതയെ കാണിക്കുന്ന യുഐ എൽഇഡി ഇൻഡിക്കേറ്ററുകളാണ് എയർവിസ് പ്രൈം ഫാനുകൾക്കുള്ളത്. ഇവ രണ്ടും 19 വ്യത്യസ്ത കളറുകളിൽ ലഭ്യമാണ്.

ഗുണമേന്മയ്ക്കും നവീനതയ്ക്കും പ്രാധാന്യം നൽകികൊണ്ട്, തികച്ചും ആധുനിക രീതിയിലുള്ള രൂപകല്പനയാണ് എയർവിസ് സീരീസ് സീലിംഗ് ഫാനുകൾക്കുള്ളത്. ഉത്തരാഖണ്ഡ് റൂർക്കിയിലെ 2.25 ലക്ഷം ചതുരശ്രയടി വിസ്തീർണമുള്ള ഫാക്ടറിയിലാണ് ഫാനുകളുടെ നിർമാണം. 4 മുതൽ 8 മണിക്കൂർ സമയത്തിനുള്ളിൽ ഓഫാകുന്ന രീതിയിൽ ഫാനുകൾ ടൈമർ സെറ്റ് ചെയ്ത് ക്രമീകരിക്കാം. റിമോട്ട് ഉപയോഗിച്ചും ഫാനുകൾ നിയന്ത്രിക്കാവുന്നതാണ്. റിവേഴ്സ് റൊട്ടേഷൻ, നാല് വ്യത്യസ്ത വിൻഡ് മോഡുകൾ, വിശാലമായ വോൾട്ടേജ് റേഞ്ച് എന്നിവയും എയർവിസ് സീരിസിന്റെ പ്രത്യേകതകളാണ്. ഫാനുകൾക്ക് 3 വർഷമാണ് കമ്പനി വാറന്റി.

# കോഡിയാക്ക് അവതരിപ്പിച്ച് സ്കോഡ

**കോട്ടയം:** സ്കോഡ ഓട്ടോ ഇന്ത്യ ആഡംബര 4?4 എസ് യു വി കൊഡിയാക്കിന്റെ പുത്തൻ തലമുറയുമായി രംഗത്ത്. ഇന്ത്യയിലും അന്തർദേശീയ തലത്തിലും രണ്ടാം തലമുറയിലേക്ക് കടക്കുമ്പോൾ ആഡംബരം, പരിഷ്ക്കരണം, ഓഫ്റോഡ് മികവ്, ഓൺറോഡ് ഡൈനാമിക്സ്, ഏഴ് സീറ്റർ വൈവിധ്യം എന്നിങ്ങനെയുള്ള സിഗ്നേച്ചർ സമന്വയവുമായാണ് പുതിയ കോഡിയാക്ക് ഇന്ത്യയിലെത്തുന്നത്. 46,89,000 രൂപ മുതലാണ് വില ആരംഭിക്കുന്നത്. പുതിയ കോഡിയാക്കിന്റെ ബുക്കിങ്ങ് മെയ് 2ന് ആരംഭിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.




സ്കോഡ ഓട്ടോയുടെ ഈ പ്രീമിയം സ്പോർട്ലൈൻ, സെലക്ഷൻ എൽ&കെ വേരിയന്റുകളിൽ ഏഴ് സീറ്റുകളിൽ ലഭ്യമാണ്. ഇന്ത്യയിൽ ഛത്രപതി സംഭാജി നഗറിലെ ബ്രാൻഡിന്റെ പ്ലാന്റിൽ അസംബിൾ ചെയ്ത കൊഡിയാക്ക് 14.86 കിലോമീറ്റർ/ലിറ്റർ ഇന്ധനക്ഷമത നൽകുമെന്ന് എആർഎഐ റേറ്റ് ചെയ്തിട്ടുണ്ട്.

മുൻ തലമുറയേക്കാൾ 59 മില്ലീമീറ്റർ നീളം അധികമുണ്ട് പുതിയ കോഡിയാക്കിന്. മൂൺ വൈറ്റ്, മാജിക് ബ്ലാക്ക്, ഗ്രാഫൈറ്റ് ഗ്രേ, വെൽവെറ്റ് റെഡ്, റേസ് ബ്ലൂ എന്നീ ആറ് നിറങ്ങളിൽ പുതിയ കോഡിയാക്ക് ലഭ്യമാണ്. എക്സ്ക്ലൂസീവ് ബ്രോങ്ക്സ് ഗോൾഡും സ്പോർട്ലൈനിൽ എക്സ്ക്ലൂസീവ് സ്റ്റീൽ ഗ്രേയും ലഭിക്കുന്നു. ഈ സ്കോഡ ഫ്ലാഗ്ഷിപ്പ് 5 വർഷത്തെ/125,000 കിലോമീറ്റർ സ്റ്റാൻഡേർഡ് വാറന്റി വാഗ്ദാനം ചെയ്യുന്നു. 10 വർഷത്തെ സൗജന്യ റോഡ്സൈഡ് അസിസ്റ്റൻസുമുണ്ട്.

സർവീസ് ചെലവ് നന്നായി കുറയ്ക്കുന്നതിന് സ്കോഡ സൂപ്പർകെയർ എന്ന സ്റ്റാൻഡേർഡ് മെയിന്റനൻസ് പാക്കേജ് സഹായിക്കും. ഇത് ആദ്യ വർഷത്തേക്ക് ഉപഭോക്താവിന് സൗജന്യമായി ലഭ്യമാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# എന്റെ കേരളം; ശ്രദ്ധ നേടി കായികവകുപ്പിന്റെ സ്റ്റാൾ

**കൊച്ചി:**സർക്കാരിന്റെ നാലാം വാർഷിക ആഘോഷത്തിന്റെ ഭാഗമായ 'എന്റെ കേരളം' പരിപാടിയിൽ ശ്രദ്ധ നേടി കായിക വകുപ്പിന്റെ സ്റ്റാൾ. വൈവിധ്യമാർന്ന സ്പോർട്സ് ആക്റ്റിവിറ്റികളും കായിക മേഖലയുമായി ബന്ധപ്പെട്ട വിവരങ്ങളും സ്റ്റാളിൽ പ്രദർശിപ്പിച്ചിട്ടുണ്ട് 'എല്ലർക്കുമായി കായികം' എന്ന സർക്കാരിന്റെ കായിക നയത്തെ പ്രതിനിധീകരിച്ച ഈ സ്റ്റാൾ, എല്ലാ പ്രായമുള്ള ആളുകളെയും വിവിധ കായിക പ്രവർത്തനങ്ങളിലൂടെ ആകർഷിക്കുകയും ചെയ്തിട്ടുണ്ട്.

സ്റ്റാൾ ഒരു ഗ്രൗണ്ടിന്റെ മാതൃകയിൽ രൂപകൽപ്പന ചെയ്തതാണ്, അതിൽ സിന്തറ്റിക് ട്രാക്കിന്റെ മാതൃകാ പ്രതിനിധാനമായ പാത സന്ദർശകരുടെ നടത്തിനായി ഉപയോഗിക്കുന്നു. സ്റ്റാളിന്റെ മദ്ധ്യഭാഗത്ത് ഒരു ഫുട്ബോൾ ടർഫ് ഒരുക്കിയതും സന്ദർശകർക്ക് വിവിധ കായിക പ്രവർത്തനങ്ങളിൽ പങ്കുചെല്ലാനുള്ള അവസരം ഒരുക്കിയതും സ്റ്റാളിന്റെ മുഖ്യ ആകർഷണങ്ങളാണ്.സംസ്ഥാനത്തുടനീളമുള്ള അടിസ്ഥാന സൗകര്യ വികസനം, സാമ്പത്തിക സഹായം, പ്രതിഭാധനരായ കായികതാരങ്ങൾക്ക് നൽകുന്ന സ്പോർട്സ് ക്വാട്ട തൊഴിലവസരങ്ങൾ, കേരള സംസ്ഥാന സ്പോർട്സ് കൗൺസിലും സ്പോർട്സ് & യൂത്ത് അഫയേഴ്സ് ഡയറക്ടറേറ്റും നടപ്പിലാക്കുന്ന അടിസ്ഥാനതല പരിശീലന പദ്ധതികൾ എന്നിവയുൾപ്പെടെ കായിക മേഖലയിൽ കഴിഞ്ഞ ഒമ്പത് വർഷമായി സർക്കാർ കൈക്കൊണ്ട സംരംഭങ്ങളും സ്റ്റാളിൽ പ്രദർശിപ്പിച്ചു.സർക്കാരിന്റെ വിജയകരമായ പ്രോജക്ടായ 'ഹെൽത്തി കിഡ്സ്' എന്ന പദ്ധതിയും സ്റ്റാളിൽ വിജയകരമായി അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. സന്ദർശകർക്ക് ആരോഗ്യം, ഫിറ്റ്നസ് തുടങ്ങിയ വിഷയങ്ങളിലുള്ള വിവരങ്ങൾ നൽകുന്നതിനായി സ്റ്റാളിൽ പ്രത്യേകമായി ഒരു ഏരിയയും ഒരുക്കിയിരുന്നു.




## ജീവനക്കാർക്ക് ഓഹരികൾ സൗജന്യമായി വിതരണം ചെയ്ത് വർമ്മ ഹോംസ്

**കൊച്ചി:** കേരളത്തിലെ പ്രമുഖ റിയൽ എസ്റ്റേറ്റ് ഗ്രൂപ്പായ വർമ്മ ഹോംസ്, ജീവനക്കാർക്കായി കമ്പനിയുടെ ഓഹരികൾ സൗജന്യമായി വിതരണം ചെയ്തു. അഞ്ച് വർഷം പൂർത്തിയാക്കിയ 17 ജീവനക്കാർക്കാണ് വിഷുകൈനീട്ടമായി ഓഹരികൾ നൽകിയത്. ഈ രംഗത്ത് ഇപ്രകാരം ജീവനക്കാരെ ആദരിക്കുന്ന പ്രഥമ കമ്പനിയാകാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നുവെന്നും വരും വർഷങ്ങളിലും അഞ്ചുവർഷം കാലാവധി പൂർത്തിയാക്കുന്ന ജീവനക്കാർക്ക് ഓഹരികൾ നേടാൻ അർഹതയുണ്ടാവുമെന്നും കമ്പനി മാനേജിംഗ് ഡയറക്ടർ കെ അനിൽ വർമ്മ അറിയിച്ചു. ഏഴ് വർഷം കൊണ്ട് 25 പ്രൊജക്ടുകളോടെ കേരളത്തിലുടനീളം സാന്നിദ്ധ്യമുള്ള റിയൽ എസ്റ്റേറ്റ് സ്ഥാപനമാക്കി വർമ്മ ഹോംസിനെ വളർത്തിയെടുത്തതിൽ ജീവനക്കാർക്കുള്ള പങ്ക് നിസ്തുലമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ടിസിഎസ് വാക്ക് ഇൻ ഇന്റർവ്യൂ 26ന് ഇൻഫോപാർക്കിൽ

**കൊച്ചി:** പ്രമുഖ ഐടി സ്ഥാപനമായ ടാറ്റ കൺസൾട്ടൻസി സർവീസ് ഈ മാസം 26 ന് ഇൻഫോപാർക്കിൽ വാക്ക് ഇൻ ഇൻറർവ്യൂ നടത്തുന്നു. നാലു മുതൽ ഒമ്പത് വർഷം വരെ പരിചയസമ്പന്നരായ ഐടി പ്രൊഫഷനുകൾക്ക് ആറോളം വിഭാഗങ്ങളിലേക്ക് നടത്തുന്ന അഭിമുഖങ്ങളിൽ പങ്കെടുക്കാവുന്നതാണ്. ടിസിഎസിന്റെ ഇൻഫോപാർക്ക് ഫെയ്സ് ഒന്നിലെ ക്യാമ്പസിൽ രാവിലെ ഒമ്പത് മുതൽ വൈകിട്ട് മൂന്ന് മണി വരെയാണ് ഇന്റർവ്യൂ. ജാവ, ഡോട്ട് നെറ്റ്, മെയിൻ ഫ്രെയിം അസൂർ ക്ലൗഡ് ടെക്നോളജീസ് എന്നീ സാങ്കേതികവിദ്യയിൽ പരിജ്ഞാനം ഉള്ളവരെയാണ് അഭിമുഖത്തിനായി പ്രതീക്ഷിക്കുന്നത്.ജാവ ഡെവലപ്പർ ആൻഡ് സപ്പോർട്ട്, ഡോട്ട് നെറ്റ് ഡെവലപ്പർ ആൻഡ് സപ്പോർട്ട്, മെയിൻ ഫ്രെയിം സപ്പോർട്ട്, ജാവ ഫുൾസ്റ്റാക്ക് ഡെവലപ്പർ, ഡോട്ട് നെറ്റ് ഫുൾസ്റ്റാക്ക് ഡെവലപ്പർ, അസൂർ ക്ലൗഡ് എൻജിനീയർ എന്നീ വിഭാഗങ്ങളിലേക്കാണ് അഭിമുഖം നടത്തുന്നത്.ഏറ്റവും പുതിയ ബയോഡേറ്റയും തിരിച്ചറിയൽ കാർഡുമായി ഉദ്യോഗാർത്ഥികൾക്ക് അഭിമുഖത്തിന് എത്താവുന്നതാണ്.

റിടെയിൽ, ട്രാവൽ ആൻഡ് ടൂറിസം എന്നീ മേഖലകൾ ഉൾപ്പെടുന്ന കമേഴ്സ്യൽ ബിസിനസ് ഗ്രൂപ്പ് സേവനങ്ങൾക്ക് വേണ്ടിയാണ് ടിസിഎസ് ഇപ്പോൾ റിക്രൂട്ട്മെൻറ് നടത്തുന്നത്. ഈ സാമ്പത്തിക പാദം അവസാനിക്കുന്നതു വരെ എല്ലാ മാസവും റിക്രൂട്ട്മെൻറ് നടത്തുമെന്ന് ടിസിഎസിൻറെ സിബിജി റിക്രൂട്ട്മെൻറ് സോഴ്സിംഗ് ലീഡ് ജോയൽ ജോൺസൺ പറഞ്ഞു. പരിചയസമ്പന്നരായ ഐടി പ്രൊഫഷണലുകൾക്ക് ഈ അവസരം ഉപയോഗപ്പെടുത്താം. ഉദ്യോഗാർത്ഥികളുടെ താത്പര്യമനുസരിച്ച് ടിസിഎസിൻെറ തിരുവനന്തപുരത്തോ, കൊച്ചിയിലോ ഉള്ള ഓഫീസുകളിൽ ജോലിക്ക് ചേരാമെന്നും അദ്ദേഹം അറിയിച്ചു.




## മോട്ടറോള, ലാപ്ടോപ്പ് വിപണിയിലേക്ക്; മോട്ടോ ബുക്ക് 60 പുറത്തിറങ്ങി

**കൊച്ചി :** മുൻനിര സ്മാർട്ഫോൺ ബ്രാൻഡായ മോട്ടറോള, ലാപ്ടോപ്പ് വിപണിയിലേക്ക് പ്രവേശിച്ചു. ആഗോളതലത്തിലെ തങ്ങളുടെ ആദ്യത്തെ ലാപ്ടോപ്പായ മോട്ടോ ബുക്ക് 60 ഇന്ത്യൻ വിപണിയിൽ മാത്രമായി മോട്ടറോള അവതരിപ്പിച്ചു. ബ്രോൺസ് ഗ്രീൻ, വെഡ്ജ്വുഡ് എന്നീ രണ്ട് പാന്റോൺ ക്യൂറേറ്റഡ് നിറങ്ങളിൽ വരുന്ന മോട്ടോ ബുക്ക് 60ന് 1.39 കിലോഗ്രാം ഭാരം മാത്രമാണുള്ളത്. പ്രീമിയം അലുമിനിയം ബിൽഡ്, മിലിട്ടറി ഗ്രേഡ് ഈടിൽ മെലിഞ്ഞ ആകർഷകമായ രൂപത്തിൽ മോട്ടറോളയുടെ പ്രൊപ്രൈറ്ററി സ്മാർട്ട് കണക്റ്റ്, സെഗ്മെന്റിലെ ഏറ്റവും മികച്ച 500 നിറ്റ്സ് 14' 2.8കെ ഒഎൽഇഡി ഡിസ്പ്ലേ, ഏറ്റവും പുതിയ ഇന്റൽ കോർ 7, ഇന്റൽ കോർ 5 പ്രോസസ്സറുകൾ, 65വാട്ട് ഫാസ്റ്റ് ചാർജർ വരുന്ന 60ഡബ്ല്യുഎച്ച് ബാറ്ററി എന്നിങ്ങനെ ധാരാളം പ്രത്യേകതകളുണ്ട്. ഇതിനോടൊപ്പം മോട്ടറോള മോട്ടോ പാഡ് 60 പ്രോ ടാബ്ലെറ്റും പുറത്തിറക്കി.മോട്ടോ ബുക്ക് 60ന് 61,999 രൂപയും മോട്ടോ പാഡ് 60 പ്രോ ടാബ്ലെറ്റിന് 26,999 രൂപയുമാണ് പ്രാരംഭ വില. രണ്ട് ഉപകരണങ്ങളും ഫ്ലിപ്കാർട്ട്, മോട്ടറോള. ഇൻ, റീട്ടെയിൽ സ്റ്റോറുകൾ എന്നിവടങ്ങളിൽ ലഭ്യമാണ്.



# ഇൻഫോപാർക്കിൽ തരംഗ് മൂന്നാം സീസണ് തുടക്കം

**കൊച്ചി:** കൊച്ചിയുടെ ഐടി സമൂഹത്തിന്റെ സർഗ്ഗാത്മകത മാറ്റുരയ്ക്കുന്ന ആഘോഷദിനങ്ങൾ വിളിച്ചോതി തരംഗ് മൂന്നാം സീസണിന് വർണാഭമായ തുടക്കം. മെയ് ഒമ്പത് വരെ നീണ്ടു നിൽക്കുന്ന അഖില കേരള ടെക്കീസ് കലോത്സവം വ്യവസായമന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്തു.ജോലിയുടെ സമ്മർദ്ദം കുറയ്ക്കുന്നതിനു വേണ്ടി കലാപരമായ കൂടിച്ചേരലുകളും ആത്മബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും ഉണ്ടാകണമെന്ന് മന്ത്രി പി രാജീവ് പറഞ്ഞു. തരംഗ് പോലുള്ള കലാമേളകൾ തുടർച്ചയായി നടത്താൻ സാധിച്ചത് പ്രോഗ്രസീവ് ടെക്കീസിൻറെ വിജയമാണ്. ഗുണമേൻമയുള്ള തൊഴിലും തൊഴിൽ അന്തരീക്ഷവും കേരളത്തിൽ തന്നെ സൃഷ്ടിക്കാനാണ് സർക്കാരിൻറെ ശ്രമമെന്നും മന്ത്രി കൂട്ടിച്ചേർത്തു.മലയാളികളും കലോത്സവങ്ങളും തമ്മിലുള്ള ആത്മബന്ധം ഏത് സാഹചര്യത്തിലായാലും തുടർന്നു പോകുന്നത് ആഗോളതലത്തിൽ തന്നെ ദൃശ്യമാകുന്ന കാര്യമാണെന്ന് ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ പറഞ്ഞു.വിവിധ കമ്പനികളിലെ മത്സരാർത്ഥികളും കലാകാരൻമാരും പങ്കെടുത്ത തരംഗ് ഘോഷയാത്രയോടെയാണ് കലോത്സവത്തിന് തുടക്കമായത്. വിസ്മയ കെട്ടിടത്തിൻറെ അങ്കണത്തിൽ നടന്ന ഫ്ളാഷ് മോബ് കാണികളുടെ ആവേശം ഇരട്ടിയാക്കി. വിവിധ സിനിമാ മുഹൂർത്തങ്ങൾ, കഥാപാത്രങ്ങൾ എന്നിവ കോർത്തിണക്കി കൊണ്ടുള്ള പ്രച്ഛന്ന വേഷങ്ങൾ ഒരേ സമയം കൗതുകമുണർത്തുന്നതും രസിപ്പിക്കുന്നതുമായിരുന്നു.ചെണ്ട മേളം, കാവടി, വിവിധ ഗ്രൂപ്പുകളുടെ ബാൻഡു മേളം എന്നിവ ഘോഷയാത്രയ്ക്ക് കൊഴുപ്പേകി. ഇൻഫോപാർക്ക് ഫേസ് ഒന്നിലെ അതുല്യ കെട്ടിടത്തിലായിരുന്നു ഉദ്ഘാടന ചടങ്ങ്. വിസ്മയ കെട്ടിടത്തിൽ നിന്നാരംഭിച്ച് ഇൻഫോപാർക്ക് പ്രധാന കവാടത്തിലൂടെ അതുല്യ കെട്ടിടത്തിലാണ് ഘോഷയാത്ര സമാപിച്ചത്.

ഉദ്ഘാടന ചടങ്ങിലെ വിശിഷ്ടാതിഥികളായ സിനിമാതാരം വിനയ് ഫോർട്ട്, ഗായകൻ ഹിഷാം അബ്ദുൾ വഹാബ് എന്നിവരും ഘോഷയാത്രയിൽ മത്സരാർത്ഥികൾക്കൊപ്പം ചുവടു വച്ചു.

പ്രോഗ്രസീവ് ടെക്കീസ് പ്രസിഡൻറ് അനീഷ് പന്തലാനി, തൃക്കാക്കര നഗരസഭാ കൗൺസിലർ അബ്ദുൾ ഷാനാ, പരിപാടിയുടെ സ്പോൺസർമാർ തുടങ്ങിയവർ പരിപാടിയിൽ സംബന്ധിച്ചു. വയനാട് ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്കായി ഇൻഫോപാർക്കിൽ നിന്നും പിരിച്ചെടുത്ത ധനസഹായമായ 8,69,816 രൂപയുടെ ചെക്കും റീബിൽഡ് വയനാടിന് കൈമാറി.നൂറിലധികം വിഭാഗങ്ങളിലാണ് മത്സരങ്ങൾ നടക്കുന്നത്. മുന്നൂറിലധികം കമ്പനികളിൽ നിന്ന് പ്രാതിനിധ്യമുണ്ടാകും.

അയ്യായിരത്തിലേറെ മത്സരാർഥികളാണ് വിവിധ വേദികളിലായി നടക്കുന്ന മൽസരങ്ങളിൽ പങ്കെടുക്കുന്നത്.നൃത്തം, സംഗീതം, സാഹിത്യ രചന, തിയേറ്റർ ആർട്ട്, വിഷ്വൽ ആർട്ട് തുടങ്ങിയ വിഭാഗങ്ങളിലാണ് മത്സരം നടക്കുന്നത്.

# ഫ്ളോറാ മെഡികെയർ ഇടപ്പള്ളിയിൽ

**കൊച്ചി:** ഇടപ്പള്ളിയിൽ അത്യാധുനിക ഡെന്റൽ ആൻഡ് ഇഎൻടി ക്ലിനിക് തുറന്ന് ഫ്ളോറാ മെഡികെയർ. എറണാകുളം എം.പി ഹൈബി ഈഡൻ ക്ലിനിക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ മാനേജിംഗ് ഡയറക്ടർ ഡോ. ഫയാസ് കെ.എ, എക്സിക്യൂട്ടീവ് ഡയറക്ടർ ഗോകുൽ വിജയൻ, ഡയറക്ടർ റിയാസ് ഹമീദ്, ഡോ. റിസ്‌വി അലി, പറവൂർ മുൻസിപ്പൽ കൗൺസിലർ കെ.ജെ. ഷൈൻ എന്നിവർ സന്നിഹിതരായിരുന്നു.ഡെന്റൽ ആൻഡ് ഡെർമറ്റോളജി വിഭാഗവുമായി നോർത്ത് പറവൂരിൽ 2023ൽ പ്രവർത്തനമാരംഭിച്ച് ഇ.എൻ.ടി, ഹോമിയോപ്പതി, പീഡിയാട്രിക്സ്, സൈക്കോളജി വിഭാഗങ്ങളിലേയ്ക്ക് സേവനം വിപുലപ്പെടുത്തിയ ഫ്ളോറാ മെഡികെയർ എൽഎൽപി പോളിക്ലിനിക് ആഭ്യന്തര, വിദേശ മെഡിക്കൽ ടൂറിസ്റ്റുകളുടെ സൗകര്യവും കൂടി കണക്കിലെടുത്താണ് ഇടപ്പള്ളിയിൽ പുതിയ ക്ലിനിക് തുറന്നത്.



നൂതന ദന്ത ചികിത്സയും ഇഎൻടി ചികിത്സകളും മെച്ചപ്പെട്ട സേവനവും ഉയർന്ന കാര്യക്ഷമതയുള്ള അത്യാധുനിക ഉപകരണങ്ങളും പരിചയസമ്പന്നരായ ഡോക്ടർമാരിലൂടെ ലഭ്യമാക്കുകയാണ് ലക്ഷ്യമെന്ന് ഫ്ളോറാ മെഡികെയർ എം.ഡിയും ദന്തവിഭാഗം മേധാവിയുമായ ഡോ. ഫയാസ് കെ.എ, ഇഎൻടി വിഭാഗം മേധാവി ഡോ. റിസ്‌വി അലിയും വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി കൂടുതൽ രാജ്യങ്ങളുമായും ആരോഗ്യമേഖലയിലെ സേവന ദാതാക്കളുമായി പങ്കാളിത്തത്തിലും ധാരണാപത്രങ്ങളിലും ഫ്ളോറാ മെഡികെയർ ഒപ്പുവെക്കുമെന്ന് അവർ കൂട്ടിച്ചേർത്തു.




# ഹരിതോർജ്ജ മേഖലയിൽ വീണ്ടും പുരസ്ക്കാരം നിറവിവൽ സിയാൽ

**കൊച്ചി:** ഹരിതോർജ ഉൽപ്പാദന മേഖലയിൽ ഏർപ്പെടുത്തിയ പരീക്ഷണങ്ങൾക്ക് സിയാലിന് അന്താരാഷ്ട്ര അംഗീകാരം. പയ്യന്നൂർ സൗരോർജ പദ്ധതിയിൽ പരീക്ഷിച്ച സാങ്കേതിക സംവിധാനത്തിനാണ് സിയാലിന് എയർപോർട്ട് കൗൺസിൽ ഇന്റർനാഷണൽ (എ.സി.ഐ) അംഗീകാരം ലഭിച്ചത്. പ്രതിവർഷം 6–15 ദശലക്ഷം യാത്രക്കാരെ കൈകാര്യം ചെയ്യുന്ന എയർപോർട്ട് എന്ന വിഭാഗത്തിലാണ് ഈ അംഗീകാരം. ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ചടങ്ങിൽ എ.സി.ഐ പ്രസിഡന്റ് എസ്.ജി.കെ. കിഷോറിൽ നിന്ന് സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് അവാർഡ് സ്വീകരിച്ചു. സിയാൽ എയർപോർട്ട് ഡയറക്ടർ മനു ജി., എസിഐ ഇന്റർനാഷണൽ ഏഷ്യപസഫിക് ഡയറക്ടർ ജനറൽ സ്റ്റെഫാനോ ബറോൻസി എന്നിവരും ചടങ്ങിൽ പങ്കെടുത്തു.രാജ്യത്ത് അധികം പരീക്ഷിക്കപ്പെട്ടിട്ടില്ലാത്ത ഭൗമ ഘടനാനുസൃത സോളാർപ്ലാന്റ് ആണ് പയ്യന്നൂരിലേത്. ഭൂമിയുടെ ഘടനയ്ക്ക് അനുസൃതമായി സ്ഥാപിക്കുന്ന ഇത്തരം പ്ലാന്റുകൾക്ക് നിരപാർന്ന സ്ഥലത്തുള്ള പ്ലാന്റുകളെക്കാൾ 35%ൽ അധികം പാനലുകളെ ഉൾക്കൊള്ളാൻ കഴിയും. ഇതിനായി ഭൂമിയുടെ ചരിവ് നികത്തേണ്ടതില്ല. പൂർണ്ണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന ലോകത്തിലെ ആദ്യത്തെ വിമാനത്താവളമായ സിയാൽ, ഹരിതോർജ ഉല്പാദന മേഖലയിൽ നിരന്തരം വികസനങ്ങൾ കൈവരിച്ചു കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി, വിഭിന്നങ്ങളായ നിരവധി ഹരിതോർജ ഉല്പാദന സംരംഭങ്ങൾക്കാണ് സിയാൽ തയ്യാറെടുക്കുന്നത്. ലോകത്തിലെ ആദ്യത്തെ സമ്പൂർണ സൗരോർജ്ജ വിമാനത്താവളമാണ് സിയാൽ. തുടർച്ചയായ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി, വർധിച്ചു വരുന്ന ഊർജാവശ്യങ്ങൾ നിറവേറ്റാൻ കുറഞ്ഞ സ്ഥലത്ത് കൂടുതൽ സൗരോർജ പാനലുകൾ സ്ഥാപിക്കാനാണ് സിയാൽ ഉദ്ദേശിക്കുന്നത്. നിലവിൽ, സിയാലിന്റെ മൊത്തം സ്ഥാപിതശേഷി 50 മെഗാവാട്ട് ആണ്.

നമ്മുടെ ആവാസ വ്യവസ്ഥക്ക് കരുതൽ പകർന്നുകൊണ്ടുള്ള ഇത്തരം വികസന പദ്ധതികൾ മറ്റ് ഊർജ്ജ ഉത്പാദകർക്ക് മാതൃകയാകും എന്ന് ഞങ്ങൾ വിശ്വസിക്കുന്നുവെന്ന് സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് പറഞ്ഞു. 2024 ൽ എയർപോർട്ട് കൗൺസിൽ ഇന്റർനാഷണൽ കണ്ടെത്തിയ മികച്ച പദ്ധതികളിൽ ഒന്നാണ് സിയാലിന്റെ പയ്യന്നൂർ സൗരോർജ പദ്ധതിയെന്ന് എ.സി. ഐ അഭിപ്രായപ്പെട്ടു.

# ഫിൻപ്രോവ് കോഴ്സുകൾക്ക് അംഗീകാരം

**കൊച്ചി:** കേരളത്തിലും കർണാടകയിലുമുള്ള പ്രമുഖ ഫിനാൻസ് ആന്റ് ഡിജിറ്റൽ മാർക്കറ്റിംഗ് പരിശീലന സ്ഥാപനമായ ഫിൻപ്രോവിന്റെ ആറുമാസം ദൈർഘ്യമുള്ള അഡ്വാൻസ്ഡ് ഡിജിറ്റൽ മാർക്കറ്റിംഗ് വിത്ത് എ ഐ ഇന്റഗ്രേഷൻ കോഴ്സിന് ഐ ഐ ടി പാലക്കാട് ടെക്നോളജി ഹബ്ബിന്റെ അംഗീകാരം ലഭിച്ചുവെന്ന് ചാർട്ടേർഡ് അക്കൗണ്ടന്റും സി ഇ ഒയുമായ ആനന്ദ് കുമാർ അറിയിച്ചു.. ഫിൻപ്രോവിലെയും ഐ ഐ ടി പാലക്കാട് ഐ പി ടി ഐ എഫിലേയും വിദഗ്ധരാണ് ക്ലാസുകൾക്ക് നേതൃത്വം നൽകുക. ബേസിക്സ് മുതൽ അഡ്വാൻസ് ലെവൽ വരെ പ്രാക്ടിക്കൽ ഓറിയന്റഡ് ട്രെയിനിംഗ് നൽകുന്ന ഈ കോഴ്സിൽ ഏതു വിഷയത്തിൽ ഡിഗ്രി എടുത്ത വിദ്യാർഥികൾക്കും അപേക്ഷിക്കാം. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് ഐ ഐ ടി പാലക്കാട് ഐ പി ടി ഐ എഫിന്റേയും ഫിൻപ്രോവിന്റേയും സംയുക്ത സർട്ടിഫിക്കറ്റ് ലഭിക്കും.

ഐ എസ് ഒ 9001:2015 അംഗീകൃതമായ ഫിൻപ്രോവ്, ചാർട്ടേർഡ് അക്കൗണ്ടന്റുകൾ നേരിട്ട് നടത്തുന്ന പരിശീലന സ്ഥാപനമാണ്. കേന്ദ്ര സർക്കാരിന്റെ കീഴിലിലുള്ള നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപറേഷന്റേയും ഇന്ത്യയിലെ ലീഡിംഗ് സർട്ടിഫിക്കേഷൻ ബോഡിയായ സ്റ്റഡ് കൗൺസിലിന്റേയും അംഗീകാരം ഫിൻപ്രോവിനുണ്ട്. കൂടാതെ, ടാലി, സോഹോ ബുക്ക്സ്, എസ് എ പി എന്നീ സോഫ്റ്റ് വെയർ പാക്കേജുകളുടെ അംഗീകൃത ട്രെയിനിംഗ് പാർട്ണറാണ് ഫിൻപ്രോവ്.

അക്കൗണ്ടിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്ന മുഴുവൻ വിദ്യാർഥികൾക്കും ഇന്ത്യയിലും വിദേശത്തും ജോലി നേടിക്കൊടുക്കാൻ ഫിൻപ്രോവിന് സ്പോട്ട് ജിറാഫ് എന്ന സ്വന്തം പ്ലേസ്മെന്റ് സ്ഥാപനവും ഉണ്ട്. ഇതുവരെ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ എല്ലാ വിദ്യാർഥികൾക്കും ജോലി നേടാൻ സാധിച്ചിട്ടുണ്ട്.കൂടുതൽ വിവരങ്ങൾക്ക് 8943644444 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# ആന്റി മൈക്രോബിയൽ വിഷയങ്ങൾ ഗൗരവപഠനങ്ങൾക്ക് വിധേയമാക്കണം: ഡോ.മുഹമ്മദ് ഹത അബ്ദുള്ള




**കൊച്ചി:** ആന്റി മൈക്രോബിയൽ വിഷയങ്ങൾ ഗൗരവതരമായ പഠനങ്ങൾക്ക് വിധേയമാക്കണമെന്ന് കുസാറ്റ് മൈക്രോബയോളജി, മറൈൻ ബയോളജി, ബയോകെമിസ്ട്രി വിഭാഗം മേധാവി പ്രൊഫ. ഡോ. മുഹമ്മദ് ഹത അബ്ദുള്ള പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ (കെഎംഎ) ലീഡർ ഇൻസൈറ്റ് പ്രഭാഷണ പരമ്പരയുടെ ഭാഗമായി സംഘടിപ്പിച്ച കാലാവസ്ഥാ വ്യതിയാനത്തെ കുറിച്ച് പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.മൃഗങ്ങളെയും പക്ഷികളെയും സസൂക്ഷ്മം നിരീക്ഷിച്ചാൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ മനസിലാക്കാൻ കഴിയും.കാലാവസ്ഥാ വ്യതിയാനം യാഥാർഥ്യമാണെന്ന് അംഗീകരിച്ചേ മതിയാകൂ എന്ന് അദ്ദേഹം പറഞ്ഞു. കോടിക്കണക്കിന് രൂപയാണ് കാലാവസ്ഥാ വ്യതിയാനത്തെ നേരിടാൻ ലോക രാഷ്ട്രങ്ങൾ ചെലവഴിക്കുന്നത്. മൺസൂണും രാജ്യത്തിന്റെ വാണിജ്യ, വ്യവസായ മേഖലയും പരസ്പരം ബന്ധപ്പെട്ട് കിടക്കുകയാണ്. ചെറിയ ദ്വീപുകൾ അപ്രത്യക്ഷമാകുന്ന പ്രതിഭാസം നിസാരമായി കാണാനാകില്ല. സമുദ്രത്തിലെ ചൂട് കൂടുന്നത് ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ആർക്ടിക്, അന്റാർട്ടിക് മേഖലയിൽ ഐസ് ഉരുകുന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കും. ഉത്തരാഖണ്ഡിൽ അടുത്തിടെ ഉണ്ടായ പ്രകൃതി ദുരന്തങ്ങൾ കാലാവസ്ഥ വ്യതിയാനത്തിന്റെ പരിണിത ഫലമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി

കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ്,ഓണററി സെക്രട്ടറി ഡോ.അനിൽ ജോസഫ് സംസാരിച്ചു.